# Editorial

കർമ്മ നിരതരും പ്രവർത്തന പരിചയ സമ്പന്നരുമായ പുതിയ നേതൃത്വത്തിൻ കീഴിലാണ് മഹത്തായ നമ്മുടെ പ്രസ്ഥാനം 40-ാം വയസ്സിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുന്നത്. ആരംഭകാലം മുതലുള്ള സംഘടനാ നേതൃത്വത്തിന്റെ നിസ്വാർത്ഥവും കാര്യക്ഷമവുമായ ദീർഘകാല പ്രവർത്തനങ്ങൾ ഔഷധവ്യാപാരത്തിനും സംഘടനയ്ക്കും പിന്നിട്ട വഴികളിൽ വിലമതിക്കാനാകാത്ത നേട്ടങ്ങളാണ് നൽകിയിട്ടുള്ളത്. നേതാക്കന്മാരുടെ മാതൃകാപരമായ പ്രവർത്തനങ്ങളും അംഗങ്ങളുടെ ഒരുമയും അടിയുറച്ച പിന്തുണയുമാണ് ഇതിനെല്ലാം കാരണം. ഒരു കുടക്കീഴിൽ ഒറ്റക്കെട്ടായി പ്രവർത്തിച്ചതുകൊണ്ടാണ് ഇപ്പോൾ നാം അനുഭവിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിന് നമുക്ക് സാധിച്ചത്.

മുമ്പെങ്ങും ഇല്ലാത്തവിധം നിരവധിയായ പ്രശ്നങ്ങളാണ് ഔഷധവ്യാപാരരംഗത്ത് ഇപ്പോൾ നാം നേരിട്ടുകൊണ്ടിരിക്കുന്നത്. കുത്തകകളുടെ കടന്നുകയറ്റവും പുതുപുത്തൻ വ്യാപാര വിപണന തന്ത്രങ്ങളും നമ്മുടെ ഭാവിക്ക് വലിയ ഭീഷണിയാണ്. കാലാനുസൃതമായ മാറ്റങ്ങളോട് മുഖം തിരിച്ച് മാറ്റങ്ങളെ കണ്ടില്ലെന്ന് നടിച്ച് പരമ്പരാഗത രീതിയിൽ ഇനിയും മുമ്പോട്ട് പോകുവാൻ നമ്മുടെ വ്യാപാരത്തിന് സാധിക്കാത്ത ഒരു കാലമാണ് മുമ്പിലുള്ളത്. നമ്മുടെ വ്യാപാരത്തിന്റെ പുരോഗതിക്കും നിലനിൽപ്പിനും സംഘടനാസംവിധാനം ഏറ്റവും ശക്തമായി നിലകൊള്ളേണ്ട സന്ദർഭം കൂടിയാണിത്. കഴിഞ്ഞ 3 വർഷങ്ങളിൽ അനാരോഗ്യകരമായ ധാരാളം പ്രവർത്തനങ്ങൾ നമ്മുടെ സംഘടനയ്ക്കകത്ത് സംഭവിച്ചെങ്കിലും സംസ്ഥാന ജില്ലാനേതൃത്വത്തിന്റെ ജാഗ്രതയാർന്ന പ്രവർത്തനം കൊണ്ട് അവയെല്ലാം അതിജീവിക്കുന്നതിന് സംഘടനയ്ക്ക് സാധിച്ചു എന്നുള്ളത് ആശ്വാസകരമാണ്.

സുതാര്യമായ ജനാധിപത്യ സംവിധാനത്തിലൂടെ മാത്രം ഭരണ നേതൃത്വത്തെ തിരഞ്ഞെടുക്കുന്ന നമ്മുടെ സംഘടനയിൽ നേതൃത്വത്തിൽ വരുന്നതിന് എല്ലാ അംഗങ്ങൾക്കും അവസരങ്ങൾ തുല്യമാണ്. അതുകൊണ്ട് തന്നെ തിരഞ്ഞെടുക്കപ്പെട്ട നേതൃത്വത്തിൻ കീഴിൽ ഒറ്റക്കെട്ടായി പ്രവർത്തിക്കുക എന്നതാണ് ശരിയായ സംഘടനാ പ്രവർത്തനം. സംഘടന നമ്മുടെ ശക്തിയാണ്. നമ്മുടെ തൊഴിലിന്റെ നിലനിൽപ്പിന് സംഘടനാ സംവിധാനം അത്യന്താപേക്ഷിതവുമാണ്. വ്യക്തി വിരോധങ്ങളും അഭിപ്രായവ്യത്യാസങ്ങളും മാറ്റിവച്ച് എല്ലാവരും ഒരുമിച്ച് നിൽക്കേണ്ടത് നമ്മുടെ ജീവിതമാർഗ്ഗമായ ഈ തൊഴിലിന്റെ നിലനിൽപ്പിന് ആവശ്യമാണ്. മറിച്ചുള്ള ഏത് പ്രവർത്തനങ്ങളും ഇരിക്കുന്ന കൊമ്പ് മുറിക്കുന്നതിന് സമമാണ്.

പുതിയ അവകാശങ്ങൾ നേടുന്നതിനേക്കാൾ പ്രയാസമാണ് ഇന്ന് അനുഭവിക്കുന്ന സൗകര്യങ്ങൾ നിലനിർത്തുന്നതിന്. ഓരോ അംഗങ്ങളും ജാഗ്രതയോടെ പ്രവർത്തിക്കുകയും എല്ലാവിധ വിമത പ്രവർത്തനങ്ങളേയും ഒറ്റപ്പെടുത്തുകയും തോൽപ്പിക്കുകയും വേണം. താൽക്കാലിക നേട്ടങ്ങളല്ല, ദീർഘകാല നിലനിൽപ്പാണ് നമുക്കാവശ്യം. അതുകൊണ്ട് ഒരു കുടക്കീഴിൽ ഒറ്റക്കെട്ടായി നമുക്ക് അണിനിരക്കാം.

എല്ലാവർക്കും വിജയാശംസകൾ നേരുന്നു

സ്നേഹപൂർവ്വം

**പി.വി. ടോമി**

# President's Desk

തികച്ചും ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട എ.കെ.സി.ഡി.എ. എറണാകുലം ജില്ലാ ഭരണസമിതി മെയ് മാസം 16–ാം തീയതി നിലവിൽ വന്നിരിക്കുകയാണ്. ഓരോ മാന്യ അംഗങ്ങളുടേയും ഉന്നമനത്തിനും തദ്വാരാ എ.കെ.സി.ഡി.എ. എന്ന മഹത് പ്രസ്ഥാനത്തിന്റെ നിലനിൽപ്പിനും വേണ്ടി, തെരഞ്ഞെടുക്കപ്പെട്ട ഓരോ കമ്മിറ്റി അംഗങ്ങളും പ്രവർത്തിക്കുമെന്ന് ഉത്തമ വിശ്വാസമുണ്ട്. നമ്മൾ ഓരോ കമ്മിറ്റി അംഗങ്ങളേയും ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിൽ കൊണ്ടുവരുന്ന ഓരോ യൂണിറ്റിലേയും, സ്പോൺസർ ചെയ്യുന്നവരും, സെക്കന്റ് ചെയ്യുന്നവരും, മറ്റ് ഓരോ അംഗങ്ങളും നമ്മുടെ പ്രവർത്തനത്തെ അവലോകനം ചെയ്യുകയും, ശരിയായ പാന്ഥാവിലൂടെ നയിക്കുകയും വേണം എന്ന് അഭ്യർത്ഥിക്കുകയാണ്.

സംഘടനാപ്രവർത്തകർ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാഴ്ചപ്പാടിൽ മാറ്റം വരുത്തി നല്ല ഒരു നാളേക്കുവേണ്ടി, സംയമനത്തോടുകൂടി പ്രവർത്തിക്കേണ്ട സമയമാണ്. പുതിയ ഭരണസമിതി നല്ല ഉൾക്കാഴ്ചയിലൂടെ തന്നെ പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മുന്നോട്ടു പോകുന്നത്.

1. ഒരു സംഘടനയുടെ പ്രവർത്തനത്തിന് അതിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് അതിന്റെ നിയമാവലിയും നോംസ് & ഗൈഡ്ലൈൻസും പാലിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടത് അത്യന്താപേക്ഷികമാണ്. അത് പാലിച്ചെങ്കിൽ മാത്രമേ നമ്മൾ വിഭാവനം ചെയ്യുന്ന പ്രയോജനം ഓരോ അംഗങ്ങൾക്കും ലഭിക്കുകയുള്ളൂ.

2. കഴിഞ്ഞ കുറേ വർഷങ്ങളായി കമ്പ്യൂട്ടറൈസേഷൻ ചെയ്യുവാൻ സാധിച്ചിട്ടുണ്ടെങ്കിലും മാൻപവർ കുറയ്ക്കുവാനും എഫക്റ്റീവായി നടപ്പിലാക്കുവാനും നമുക്ക് സാധിച്ചിട്ടില്ല. നമ്മുടെ ഓരോ മെമ്പർക്കും, കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിനും ബില്ലുകൾ നെറ്റ് വഴി ഡൗൺലോഡ് ചെയ്യുവാനും ഉള്ള ശ്രമം ഉടൻ തുടങ്ങേണ്ടിയിരിക്കുന്നു.

3. നമ്മുടെ പ്രതിച്ഛായ ഉയർത്തിപ്പിടിക്കുവാനായി പബ്ലിക്ക് റിലേഷൻസിനു ഊന്നൽ നൽകുകയും നമ്മുടെ സമൂഹത്തോടുള്ള കമ്മിറ്റ്മെന്റ് പ്രചരിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

4. മെമ്പർമാരുടെ കാഴ്ചപ്പാടുകൾ മനസ്സിലാക്കുവാനും അവരുമായി ഒരു സംവാദം നടത്തുവാനും ഉള്ള ഒരു വേദി ഒരുക്കുക എന്നുള്ളത് അത്യന്താപേക്ഷിതമാണ്. മൂന്ന് സെക്റ്ററായി തിരിച്ച് റീട്ടെയിൽ മെമ്പർമാർക്ക് മീറ്റിംഗ്സ്, ഹോൾസെയിൽ മെമ്പർമാരുടെ ഒരു മീറ്റിംഗും ഉടൻ തന്നെ നടത്തുവാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

5. യൂണിറ്റ് മീറ്റിംഗുകൾ തീർച്ചയായിട്ടും 3 മാസത്തിൽ ഒരിക്കൽ നടത്തുവാൻ യൂണിറ്റ് കൺവീനർമാർ ശ്രദ്ധ ചെലുത്തുന്നതായിരിക്കും.

6. ഇപ്പോഴത്തെ ഭരണസമിതി അടുത്ത 2 വർഷം എങ്ങിനെ പ്രവർത്തിക്കണമെന്ന് ഒരു ഉൾക്കാഴ്ചയോടും നിശ്ചയദാർഢ്യത്തോടും കൂടി പ്രവർത്തിക്കും എന്ന് ഉറപ്പ് നൽകുകയാണ്. മെമ്പർമാരുടെ ആശയം ഉൾക്കൊള്ളുവാൻ എക്സിക്യൂട്ടീവ് മീറ്റിംഗ്സ്, യൂണിറ്റിൽ വച്ച് നടത്തുവാനും അതാത് യൂണിറ്റിലെ അംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പു വരുത്താനും ശ്രമിക്കും.

ഒരു കാര്യം നമ്മൾ പ്രത്യേകം ശ്രദ്ധിക്കുക. സംഘടനാപ്രവർത്തനത്തിൽ വ്യക്തി താൽപ്പര്യങ്ങൾക്ക് ഉപരി സംഘടനയുടെ കെട്ടുറപ്പും ആണ് പ്രധാനം എന്നു മനസ്സിലാക്കുക. നമ്മൾ എന്തുകൊണ്ട് സംഘടനാപ്രവർത്തിൽ സമയം കണ്ടെത്തുന്നു. (1) ഒന്നിച്ചു പ്രവർത്തിച്ചുകൊണ്ട് നല്ല കാര്യങ്ങൾ ചെയ്യുക. (2) നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനുള്ള ആത്മസംതൃപ്തി. (3) നല്ല കുറേ ഉറ്റ സുഹൃത്തുക്കൾ ഇതെല്ലാം നമുക്ക് ലഭിക്കുന്നുണ്ടോ എന്ന് ആത്മ പരിശോധന നടത്തുക.

നമ്മുടേയും തദ്വാരാ സംഘടനയുടേയും പ്രതിച്ഛായ ഉയർത്തുകയും, നല്ല നാളേക്കും വേണ്ടി പ്രാർത്ഥിച്ചുകൊണ്ടും തുടക്കം കുറിക്കാം.

എല്ലാ വിധ ആശംസകളോടെ,

**എൻ.ആർ. ഹരിഹരപുത്രൻ**
**പ്രസിഡന്റ്**
**എറണാകുളം ഡിസ്ട്രിക്റ്റ്.**

## Secretary's Desk

28.4.2010 മുതൽ നടന്ന യൂണിറ്റ് കൺവീനർമാരുടെ തെരഞ്ഞെടുപ്പും 16.5.2010ലെ വാർഷിക പൊതുയോഗവും മാന്യ അംഗങ്ങളുടെ സാന്നിദ്ധ്യവും സഹകരണവും കൊണ്ട് വൻവിജയമായി മാറി. ആത്മാർത്ഥമായി സഹകരിച്ച എല്ലാ മെമ്പർമാർക്കും ജില്ലാക്കമ്മിറ്റിയുടെ പേരിൽ നന്ദി അറിയിക്കുന്നു.

2008-2010 വർഷത്തിലേക്ക് തികച്ചും സുതാര്യമായി, ജനാധിപത്യ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെടുകയും കോടതിയുടെ അംഗീകാരത്തോടെ (ഒ.പി. നമ്പർ 1254/10) അധികാരത്തിൽ ഇരുന്ന ജില്ലാഭരണസമിതിയാണ് 2010-2012ലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തിയത്. സംഘടനാബൈലോ അനുശാസിക്കുന്ന നിയമങ്ങൾ കൃത്യമായി പാലിച്ച്, മുഴുവൻ അംഗങ്ങളേയും തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുപ്പിച്ചുകൊണ്ടാണ് പുതിയ ടേമിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടത്തിയത്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റിയാണ് സംഘടനയുടെ നേതൃത്വത്തിൽ ഇപ്പോൾ വന്നിട്ടുള്ളത്.

എന്നാൽ 2008ൽ തെരഞ്ഞെടുപ്പ് നടത്തി അധികാരം കൈമാറിയ ഭരണസമിതിയംഗങ്ങളും ചീഫ് റിട്ടേണിംഗ് ഓഫീസർ ഉൾപ്പെടെയുള്ളവർ 2009ൽ വീണ്ടും തെരഞ്ഞെടുപ്പ് നടത്തിയെന്നും അവർ രാജിവച്ചതുകൊണ്ട് 2012 കാലഘട്ടത്തിലേയ്ക്ക് വീണ്ടും തെരഞ്ഞെടുപ്പ് നടത്തുന്നു എന്നും അറിയിച്ച് കൊണ്ടുള്ള ഒരു നോട്ടീസ് പല മെമ്പർമാർക്കും അയച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. സംഘടനയെ തകർക്കുക എന്ന ഒറ്റ ലക്ഷ്യം മാത്രമാണ് ഇപ്പോൾ സംഘടനയിൽ അംഗങ്ങൾ പോലുമല്ലാത്ത ഇവർക്കുള്ളത്. അധികാരത്തിന് പുറത്താണെങ്കിൽ സംഘടന വേണ്ട എന്ന ചിന്താഗതിക്കാരായ ജില്ലയിലെ അപൂർവ്വം ചില കുലംകുത്തികളാണ് ഈ ദുഷ്പ്രചരണത്തിന് കുടപിടിച്ച് കൊണ്ട് ജില്ലയിൽ പലയിടത്തും ഓടിനടക്കുന്നത്, സംഘടനയെ ഒറ്റിക്കൊടുക്കുവാൻ ശ്രമിക്കുന്ന ഇക്കൂട്ടർ, ഒരു കാലത്ത് ജന്മശത്രുക്കളായിക്കണ്ടിരുന്ന അഴിമതി നടത്തി പുറത്തുപോയ മുൻ സംസ്ഥാന നേതൃത്വവുമായി ഇപ്പോൾ ഭായി-ഭായി ബന്ധത്തിലാണ്. പരാജയം മുന്നിൽ കണ്ടതുകൊണ്ട് മാത്രമാണ് 2010 ഏപ്രിൽ, മെയ് മാസങ്ങളിൽ നടന്ന യൂണിറ്റ് ഇലക്ഷനിൽ ഇവർ പങ്കെടുക്കാതിരുന്നത്. പങ്കെടുത്ത് വിജയിച്ചിരുന്നവെങ്കിൽ അവർക്ക് അധികാരം കൈമാറിക്കിട്ടുമായിരുന്നല്ലോ. അതാണ് സംഘടനാ പാരമ്പര്യം.

സംഘടനാ സ്നേഹം പറഞ്ഞ് മുതലക്കണ്ണീരൊഴുക്കുന്ന ഇവർ മെയ് 16ന് നടത്തിയ വാർഷിക പൊതുയോഗവും ജില്ല എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പും സ്റ്റേ ചെയ്യുവാൻ കോടതിയിൽ പോയി. ബഹു. കോടതി വാസ്തവം തിരിച്ചറിയും എന്ന് മനസ്സിലായപ്പോൾ പരാതി പിൻവലിക്കേണ്ട ഗതികേടാണ് ഇവർക്കുണ്ടായത്.

ജില്ലയിൽ സംഘടനയ്ക്കെതിരെ പ്രവർത്തിക്കുന്നവർ ആരാണ്? മാന്യ അംഗങ്ങൾ അവരുടെ പൂർവ്വകാല പ്രവർത്തനങ്ങൾ പരിശോധിക്കുന്നത് നല്ലതാണ്. മുൻ സംസ്ഥാന ഭാരവാഹികൾക്ക് കേസിൽ നിന്ന് രക്ഷപ്പെടാനും അവർക്ക് കേസിന് ചെലവായെന്ന് പറയുന്ന ലക്ഷങ്ങൾ സംഘടനയുടെ ഫണ്ടിൽ നിന്നെടുത്തുകൊടുക്കാനുമാണ് ഇവർ ശ്രമിക്കുന്നത്. സംഘടന ഫണ്ടെടുത്തുകൊടുത്താൽ തങ്ങൾക്കും വൻ തുക പാരിതോഷികം ലഭിക്കുമെന്നുള്ള ഉറപ്പാണ് ഇവരുടെ ആത്മാർത്ഥതയുടെ രഹസ്യം.

ഇത്രയൊക്കെ സംഭവിച്ചിട്ടും എല്ലാ മെമ്പർമാരും സത്യം തിരിച്ചറിഞ്ഞ് സംഘടനയുടെ കീഴിൽ ഒരുമിച്ച് നിൽക്കുന്നതാണ് നമ്മുടെ ശക്തി. വളഞ്ഞ വഴിയിലൂടെ അധികാരത്തിൽ വരാമെന്നും സംഘടനയെ തങ്ങളുടെ പോക്കറ്റിലാക്കാമെന്നും ആരും വ്യാമോഹിക്കേണ്ടതില്ല. ജില്ലാകമ്മിറ്റി എല്ലാ അർത്ഥത്തിലും ഇതിനെ നേരിടും.

Spurious & Substandard Drugs വിൽപ്പന നടത്തിയാൽ പർച്ചേസ് ബില്ലുണ്ടെങ്കിലും ഔഷധവ്യാപാരി പ്രതിയാക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന ഗുരുതരമായ പുതിയ നിയമത്തിൽ നിന്നും വ്യാപാരികളെ മാപ്പു സാക്ഷിയാക്കുന്ന വിധത്തിലേയ്ക്ക് കേന്ദ്രനിയമത്തിൽ മാറ്റം വരുത്തുന്നതിന് എ.ഐ.ഒ.സി.ഡി.യുടേയും എ.കെ.സി.

ഡി.എ.യുടേയും ശക്തമായ ഇടപെടൽ കൊണ്ട് സാധിച്ചു. ഇതിനുവേണ്ടി അക്ഷീണം പ്രവർത്തിച്ച ആരാധ്യനായ എ.ഐ.ഒ.സി.ഡി. പ്രസിഡന്റ് ശ്രീ. ഷിന്റാജിക്കും സംസ്ഥാന പ്രസിഡന്റ് ശ്രീ. അബ്ദുൾ ഗഫൂറിനും ജനറൽ സെക്രട്ടറി ശ്രീ. ആന്റണി തര്യനും പ്രത്യേക അഭിനന്ദനങ്ങൾ.

39 വർഷത്തെ പാരമ്പര്യമുള്ള ഈ പ്രസ്ഥാനം ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്. പ്രതിസന്ധികളിൽ തളരാതെ, തകരാതെ മുമ്പോട്ടു നയിക്കുവാൻ ഭാരവാഹികൾ മാത്രമല്ല ഓരോ മെമ്പർമാരും ജാഗ്രതയോടെ പ്രവർത്തിക്കണം. പുതിയവർഷത്തിൽ ഹോൾസെയിൽ റീട്ടെയിൽ ബന്ധങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സംഘടന അനുശാസിക്കുന്ന നോംസ് & ഗൈഡ്ലൈൻസ് കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയുമാണ് ഭരണസമിതിയുടെ പ്രഖ്യാപിത പ്രവർത്തന ലക്ഷ്യം. എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു.

ആശംസകളോടെ

സെക്രട്ടറി

**ഒ.എം. അബ്ദുൾ ജലീൽ**

## website - www.akcdaekm.com

നമ്മുടെ സംഘടനയുടെ ചിരകാലാഭിലാഷമായ വെബ്സൈറ്റ് akcdaekm.com എന്ന അഡ്രസ്സിൽ Launch ചെയ്തു.

1. മരുന്നുകളുടെ ലിസ്റ്റ് Upload ചെയ്തു കഴിഞ്ഞു.
2. ജില്ലാ ഓഫീസിലെ കമ്പ്യൂട്ടർ സിസ്റ്റം നവീകരിക്കുന്നതോടെ സ്വന്തമായി ഇന്റർനെറ്റ് കണക്ഷൻ ഇല്ലാത്ത മെമ്പർമാർക്ക് ഓഫീസ് നമ്പറിൽ വിളിച്ച് മരുന്നുകളുടെ പൂർണ്ണ വിവരങ്ങൾ അറിയാൻ സാധിക്കുന്നതാണ്.
3. Retail / Wholesale Drug Licence Form, Application, Declaration Form മുതലായവ Download ചെയ്ത് എടുക്കുവാനുള്ള സൗകര്യം.
4. പുതിയ മരുന്നുകളുടെ വിവരങ്ങൾക്ക് AKCDA യ്ക്ക് ഇ-മെയിൽ ചെയ്യണമെന്ന് കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. 100% അനുകൂലമായ തീരുമാനം ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ്. വിവിധ ഫാർമ കമ്പനികളുമായി അവരുടെ പ്രൊഡക്റ്റിന്റെ പരസ്യം വെബ്സൈറ്റിൽ പ്രകാശിപ്പിക്കുന്നതിനായുള്ള പ്രാഥമിക ചർച്ചകൾ നടക്കുന്നു.
5. Drug Department മായി സഹകരിച്ച് Ban ചെയ്യപ്പെട്ടതും Sub-standard മായിട്ടുള്ളതുമായ മരുന്നുകളുടെ വിശദവും വ്യക്തവുമായ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകുന്നതിനനുസരിച്ച് upload ചെയ്യുന്നതായിരിക്കും.
6. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനങ്ങളുടെ വിശദവിവരങ്ങൾ അതാതു സമയങ്ങളിൽ സൈറ്റിൽ കൊടുക്കുന്നതാണ്.
7. Product search ന് ആവശ്യമായ Pass Word, User ID യും ഉടനെ നൽകുന്നതായിരിക്കും.

സംസ്ഥാന AKCDA യ്ക്കോ മറ്റു ജില്ലാ AKCDA കൾക്കോ ഇല്ലാത്ത ഈ വെബ്സൈറ്റ് സൗകര്യം നമ്മുടെ ജില്ലാ പ്രവർത്തനത്തിൽ ഒരു നാഴികക്കല്ലായിരിക്കും.

വെബ്സൈറ്റിനെ സംബന്ധിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും info@akcdaekm.com ലേക്ക് E-Mail അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**Polly Varghese (Web Co-ordinator)**
**Vice-President**
**G.K. Distributor**

# LIST OF OFFICE BEARERS

**PRESIDENT** - **Mr. N.R. HARIHARA PUTHRAN**
Prakash Medicals,
Rajaji Buildings, R S Road, Aluva - 683 101
Phone Off : 2625416, Mob : 98470 43010

**SECRETARY** - **Mr. O.M.ABDUL JALEEL**
Ollappillil Medicals,
M. G. Road, Pallimukku, Kochi – 682 016
Phone Off : 2357083, Mob: 93492 51390

**VICE PRESIDENTS** - **Mr. POLLY VARGHESE.**
G.K. Distributors,
Kachapilly Chambers, Mahakavi 'G' Road
Karikkamuri Jn., Kochi - 682011
Phone Off : 2361124, Mob : 98955 70737

- **Mr. K.K.MAYINKUTTY**
Grand Medicals
Moulana Complex, North Kalamassery - 682 104
Phone Off : 2558573, Mob : 98953 31494

**JOINT SECRETARY** - **Mr. K.P. POULOSE**
Jacob Pharmaceuticals
P.O. Junction, C.F.I. Complex, Muvattupuzha - 686 661
Phone Off : 2836783, Mob: 90486 18323

**TREASURER** - **Mr. TOMY P.V.**
Medico Agencies
Ist Floor, XL/5056, T.A.K. Bldg., T.D. Road North,
Ernakulam-682 035.
Phone Off : 2364665, 2384687, Mob : 94465 08665

# LIST OF EXECUTIVE MEMBERS

ERNAKULAM NORTH UNIT

: **Mr. ANTONY THARIAN**
Trust Pharmaceutical, 35/1892 A, Kayyath Lane,
Janatha Bus Stop, Palarivattom, Kochi - 682 025
Phone Off : 2349547,2338123, 2335144, Mob : 94470 08023

: **Mr. SACHITH VAIDYAR**
The Arya Medical Stores
Mamangalam, Palarivattom, Cochin - 682 025.
Phone Off : 2332152, Mob : 94470 31552

: **Mr. PRADEEP KUMAR K.P.**
Musi Medicals
III/338, Civil Line Road, Chembumukku, Kakkanadu, Kochi -21.
Phone Off : 6990436, Mob : 99950 31674.

: **Mr. T.V. SANKARAN**
Surabhi Medicals,
Near Primary Health Centre, Kakkanad, Pin - 682030.
Ph: Off: 3218028

: **Mr. VARGHESE V.J.**
Vempilly Mecial Stores,
Edappally P.O., Pin-682 024.
Ph: Off: 2334145 Mob: 98478 30829

ERNAKULAM CENTRAL UNIT

: **Mr. M. DILEEP KUMAR**
Get Well Pharmaceuticals
41/1860A, Veekshanam Road,
Ernakulam, Kochi - 682 018.
Phone Off : 2380335, 2370709, Mob: 93884 85550

: **Mr. ABRAHAM JOSE MAMPILLY**
Mampilly Dispensary
Broadway, Ernakulam, Kochi - 682 031.
Ph: Off: 2351273 Mob: 94465 35127.

: **Mr. A.T. LAWRENCE**
Paragon Trades & Agencies
59/4093, Vallanat Cetnre,
Ernakulam, Kochi- 682 018.
Phone Off : 2395278, 2394779 Mob: 98460 11480

: **Mr. M.M. KURIAKOSE**
Associated Pharma Distributors
59/4097, Vallanat Centre, Banerji Road,
Ernakulam, Kochi-18.
Ph: Off: 2393798 Mob: 94470 38123

: **Mr. TOMY P.V.**
Medico Agencies
Ist Floor, XL/5056, T.A.K. Bldg.,
T.D. Road North, Ernakulam-35.
Phone Off : 2364665, 2384687, Mob : 94465 08665

: **Mr. VIJAY KUMAR**
V.S. Enterprises, Pharmaceutical Distributors
40/8638, “Sree Vas”, T.D. Road, Ernakulam-682 035.
Phone Off: 2374932 Mob : 98461 23918.

ERNAKULAM SOUTH UNIT

: **Mr. O.M. ABDUL JALEEL**
Ollapillil Medicals,
Chemists & Druggists, M.G.Road,
Pallimukku, Kochi - 682 016
Phone Off : 2357083, Mob : 93492 51390

| | | |
|---|---|---|
| | : | **Mr. C.M.K. KURUP**<br>Royal Medicals<br>Kadavanthara, Kochi - 682 020<br>Phone Off : 6506981 Mob : 98954 82787 |
| | : | **Mr. AFSHAR MAJEED**<br>Ananda Pharmacy<br>27/2789 B, First Floor, Vidya Nagar<br>Giri Nagar South, Kochi-682 020<br>Phone Off : 2320868, 3258020, 6587634 Mob : 98470 52743 |
| | : | **Mr. POLLY VARGHESE**<br>G. K. Distributors,<br>Kachapilly Chambers, Mahakavi. G. Road,<br>Ernakulam, Kochi - 682 011<br>Phone Off : 2361124, 2369366 Mob : 98955 70737 |
| | : | **Mr. N.A. ALEX**<br>Pauls Pharma, 39 / 3536 A ,<br>Ravipuram Road, Cochin - 16<br>Phone Off : 2357143, 2357393 Mob : 98955 86045 |
| **ALUVA UNIT** | : | **Mr. M.A. KHALID**<br>T.K.Distributors<br>XIX/648 (1), Market Road,<br>Opp. New Pvt Bus Stand, Aluva - 683 101.<br>Phone Off : 2630537 Mob : 98460 19418 |
| | : | **Mr. N.R.HARIHARAPUTHRAN**<br>Prakash Medicals<br>Rajaji Buildings, R. S. Road , Aluva - 683 101<br>Phone Off : 2625416 Mob : 98470 43010 |
| | : | **Mr. SREEKUMAR. B. MENON**<br>Bruklyn Associates<br>XIX/250, Market Road, Aluva - 683 101<br>Phone Off : 2624659, 2622452 Mob : 98470 66463 |
| **ANGAMALY UNIT** | : | **Mrs. BINDU PAUL**<br>Trinity Pharma<br>Ist Floor, Adam Bye Pass Complex<br>Opp. L.F. Hospital, Angamaly - 683 572<br>Phone Off : 2455694 Mob : 94470 55694 |
| | : | **Mr. K.V. VARGHESE**<br>Koorans Medicals<br>Kalady Road, Angamaly - 683 572.<br>Phone : 5581018, Mob : 81295 29475, 98467 27625 |
| | : | **Mr. T.J. ALIAS**<br>Shakthi Pharmaceuticals<br>IV/500, Thottakkara Building,<br>Opp. Govt. Hospital, Angamaly - 683572.<br>Phone: 2454546, Mob : 93888 74225 |
| **KALADY UNIT** | : | **Mr. M.R. SURESH**<br>Keyar Drugs<br>M.C. Road, Kalady, Pin-683 574.<br>Phone Off : 2462503 Mob : 99473 55023 |
| **KOTHAMANGALAM UNIT** | : | **Mr. MAMACHAN JOSEPH**<br>Melji Medicals<br>Opp. Govt Hospital,<br>Kothamangalam - 686 691.<br>Phone Off : 2822660 Mob : 94469 00109 |
| **PERUMBAVOOR UNIT** | : | **Mr. JAWAHAR.T.**<br>Chaithram Medicals<br>A.M.Road, Perumbavoor - 683 542<br>Phone Off : 2525715 Mob : 98460 40613 |
| | : | **Mr. SHAJI JOSEPH**<br>Century Pharmaceuticals Distributors<br>15/788, J.C. Park, Perumbavoor - 683 542.<br>Phone Off : 2524178 Mob : 96050 58800 |

**KALAMASSERY UNIT** : **Mr. K.K. MAYINKUTTY**
Grand Medicals
Moulana Complex, North Kalamassery - 682 104
Phone Off : 2558573, Mob : 98953 31954

**KOOTHATTUKULAM UNIT** : **Mr. ABRAHAM.C.MATHEW**
Matha Medicals,
Koothatukulkam.P.O., Ernakulam - 686 662
Phone Off : 2252531 Mob : 9447180017

**KOLENCHERY UNIT** : **Mr. S. SREEDHARA PANICKER**
Sree Bros Medicals,
Vadayampady P. O, Puthencruz,
Ernakulam - 682 308
Phone Off : 2765358 Mob : 94472 25965

: **Mr. JOY THOMAS**
Thomson Pharmaceuticals
Door No. 231, Mangamkuzhiyil Bldgs
Kolenchery - 682 311
Phone Off : 2760863 Mob : 94475 79879

**MUVATTUPUZHA UNIT** : **Mr. P.M.EBRAHIM**
M.S.Medicals, Nehru Park,
Market.P.O., Muvattupuzha - 686 673
Phone Off : 2832768 Mob : 94474 33202

: **Mr. K.P. POULOSE**
Jacob Pharmaceuticals
P.O. Junction, C.F.I. Complex,
Muvattupuzha - 686 661
Phone Off : 2836783, Mob: 90486 18323

**NORTH PARAVUR - VARAPUZHA UNIT** :

: **Mr. THOMAS.T.V.**
Vijay Medicals, VII/ 289, Chettibhagam,
Varapuzha - 683517
Phone Off : 2512471 Mob : 92499 56562

**KOCHI UNIT** : **Mr. P.K. BABU**
Aby Medicals
Kumbalanghi Vazhi,Palluruthy
Kochi - 682 006.
Phone Off : 2234143 Mob : 94470 08142

: **Mr. K. MANOHAR PRABHU**
Prabhu's Medicals
V/719, Gujarathi Road, Kochi - 682 002.
Phone Off : 2224980, 6513364 Mob: 98460 24980

: **Mr. M. SATHYAN**
P.S.S. Medicals
Polakkandam Jn, Karuvelypady, Kochi - 05
Phone Off : 2223508 Mob : 94476 03571

**VYPIN UNIT** : **Mr. P.S. RAGHAVAN**
Vysakh Agencies Pharmaceutical Distributors
Azeekal P.O., Vypin - 682 510.
Phone Off : 2502520 Mob : 94951 25140

**PIRAVOM UNIT** : **Mr. T.C. ALIAS**
St.Mary's Medicals
Piravom, Pin - 686 664
Phone Off : 2242947 Mob : 99957 49951

**TRIPUNITHURA UNIT** : **Mr. M.V. PETER**
Maria Medical Stores
XX/479, Statue Junction
Tripunithura - 682 301.
Phone Off : 2775304 Mob : 98954 88813, 98953 21393

: **Mr. ANOOP. K. JOHN THAMPI**
Sri Chakra Medicals
Municipal Shopping Complex
Thekkumbhagam, Choorakad, Tripunithura - 682 301
Phone Off : 3263763 Mob : 96053 41162, 97459 53100.